# പതിമൂന്നാം കേരള നിയമസഭ

## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2604 — 27/01/14-ലെ മറുപടിയ്ക്ക്

## ലബോറട്ടറി ടെക്നീഷ്യന്മാരുടെ സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ തസ്തികയിൽ ജോലിചെയ്യുന്നവർക്ക് നിയമാനുസൃതമുള്ള സ്ഥാനക്കയറ്റവും, സ്ഥലം മാറ്റവും സമയബന്ധിതമായി നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിൽ അനുവദിച്ചിട്ടുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 തസ്തികകളുടെ എണ്ണം എത്രയാണ്; ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഇപ്പോൾ എത്ര ലാബ്ടെക്നീഷ്യൻമാർ ഗ്രേഡ്-1 ജോലി നോക്കി വരുന്നു; വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ 58 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 ന്റെ തസ്തിക നിലവിലുണ്ട്. മേൽ തസ്തികയിൽ 60 പേർ ഇപ്പോൾ ജോലിനോക്കിവരുന്നു. ആരോഗ്യ വകുപ്പിലെ ഗ്രേഡ് പ്രമോഷൻ വഴി ഗ്രേഡ് 2 നെ ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം സംസ്ഥാനത്തെ മൊത്തം തസ്തികകളുടെ അടിസ്ഥാനത്തിലാണ് അനുവദിച്ചിട്ടുള്ളത്. ഓരോ ജില്ലയിലും 50:50 എന്ന അനുപാതത്തിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാലാണ് 58 തസ്തികയിൽ 60 പേർ ജോലി ചെയ്യുന്ന സ്ഥിതി സംജാതമായത്. ഗ്രേഡ് 1, ഗ്രേഡ് 2 50:50 എന്ന അനുപാതത്തിൽ ക്രമീകരിക്കുമ്പോൾ താഴെയുള്ള രണ്ട് ജീവനക്കാരെ പൊതുസ്ഥലംമാറ്റസമയത്ത് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ